# മനുഷ്യന് മാത്രമായി ഒരു നിലനിൽപ്പില്ല

ഇ. ഉണ്ണികൃഷ്ണൻ

**1.** വികസനമെന്നത് ക്രമദത്തമായ വളർച്ചയാണ്. അതായത് വികസനത്തിന് ഒരു ക്രമവും താളവുമുണ്ട്. മനുഷ്യൻ മാത്രം അവശേഷിക്കുന്ന അവസ്ഥയിലായാണ് ഇന്ന് വികസനം ലോകത്തെ കൊണ്ടെത്തിച്ചിരിക്കുന്നത്. മനുഷ്യനു മാത്രമായി ഒരു നിലനിൽപ്പില്ലെന്നതാണ് ഇതിന്റെ മറുവശം. മനുഷ്യനു നിലനിൽക്കണമെങ്കിൽ മറ്റു പലതും ഒപ്പം നിന്നേ തീരൂ. അവിടെയാണ് വികസനത്തിന്റെ പരിമിതികൾ നിർണ്ണയിക്കാൻ തുടങ്ങേണ്ടത്. 'ലിമിറ്റ്സ് ടു ഗ്രോത്തും' 'ട്രാജഡി ഓഫ് കോമണും' 'സുസ്ഥിര വികസന'വുമെല്ലാം കാൽചുവട്ടിലെ മണ്ണിളകുന്നതിനെക്കരുതി മുതലാളിത്തത്തിനുണ്ടായ വിഭ്രമാവസ്ഥകൾ പാരിസ്ഥിതികമായ ഉൾക്കാഴ്ചയെന്ന് തെറ്റിദ്ധരിക്കപ്പെടും വിധം അവതരിപ്പിച്ചിരിക്കുന്നതാണ്. മനുഷ്യന്റെ സമ്പദ്വ്യവസ്ഥയുടെ ഭാഗമായിട്ടുള്ളതല്ല പര്യാവരണം അഥവാ എൺവയൺമെന്റ് എന്നും സമഗ്രമായ ഒരു പരിസ്ഥിതിയുടെ ഭാഗമായി മനുഷ്യൻ ഉണ്ടാക്കിയ ഒരു താത്കാലിക വ്യവസ്ഥയാണ് സമ്പദ്വ്യവസ്ഥയെന്നും തിരിച്ചറിയുമ്പോഴേ വികസനം ഭൂമിയുടെ നൈസർഗിക വ്യവസ്ഥകളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഉതകൂ. അത്തരമൊരു ഹരിത സമ്പദ്വ്യവസ്ഥയിലേക്കുള്ള പുരോഗമനമാണ് യഥാർത്ഥ വികസനം.

**2.** പ്രകൃതിയിലെ വിഭവങ്ങളെല്ലാം ചുരുങ്ങുകയും ഒടുവിൽ ഒടുങ്ങുകയും ചെയ്യും. പത്തുമുപ്പതു വർഷത്തിനകം ഇന്ധനാധിഷ്ഠിതമായി കെട്ടിപ്പൊക്കിയ അംശക സമ്പദ്വ്യവസ്ഥ (ഫോസിൽ ഇക്കോണമി)അവസാനിക്കും. ചുങ്കപ്പാതകൾ നോക്കുകുത്തിയാകും. പാരിസ്ഥിതികമായി നിലനിൽക്കുന്ന ബദലുകൾ ഉണ്ടാവും. പക്ഷെ കുടിവെള്ളത്തിനും ശുദ്ധവായുവിനും സുരക്ഷിതവും പോഷകസമ്പുഷ്ടവുമായ ആഹാരത്തിനും പകരമായി മറ്റൊന്നില്ല. അവയെ കരുതി ഉപയോഗിക്കുകയും പ്രകൃതിയുടെ ജല-വായു- ആഹാര ചാക്രികതയ്ക്ക് ഭംഗം വരാതെ സൂക്ഷിക്കുകയും മാത്രമേ പ്രതിവിധിയുള്ളൂ.

**3.** വികസനമെന്നതുതന്നെ ഇന്ന് സാമൂഹികമായ അസമത്വങ്ങൾ ഉണ്ടാക്കുകയും സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും ഒരിക്കൽ അരികുവത്കരിക്കപ്പെട്ടവരെയും വീണ്ടും പടുകുഴിയിലേക്കു നയിക്കുകയും ചെയ്യുന്ന ഒന്നായാണ് തിരിച്ചറിയപ്പെട്ടു കഴിഞ്ഞിട്ടുള്ളത്. ലിംഗനീതിയിലും സമഭാവനയിലും അടിയുറച്ച ഒരു വികസനം സാധ്യമാക്കുകയെന്നത് ഭൗമനീതിയുടെ അനിവാര്യത തന്നെയാണ്.

4. വികസനത്തിന്റെ കേരള മാതൃക പ്രതിശീർഷ വരുമാനക്കുറവിലും ജനകീയ ഇടപെടലുകളിലൂടെ സാമൂഹ്യ വികസനം സാധ്യമാക്കിയാണ് ശിരസ്സുയർത്തി നിന്നത്. ശിശുമരണ നിരക്കിലെ കുറവ്, ജനസംഖ്യാനിയന്ത്രണം, സാക്ഷരത, ആയുർദൈർഘ്യം എന്നിവയെല്ലാം കേരളം ബഹുദൂരം മുന്നിലാണെന്ന് തെറ്റിദ്ധരിക്കുന്നു. വികസനത്തിന്റെ അടയാളമായി കരുതുന്ന ജീവിതനിലവാര സൂചികകൾ മാറുമ്പോൾ- ആളോഹരി ആനന്ദം പോലുള്ള വികസന സൂചനാ മാനദണ്ഡങ്ങൾ സ്വീകരിക്കുമ്പോൾ നമ്മുടെ ഈ അഭിമാന ബോധത്തിന്റെ അർത്ഥശൂന്യത ബോധ്യപ്പെടും. മതനിരപേക്ഷവും രാഷ്ട്രീയവുമായ ഒരു പശ്ചാത്തലത്തിലാണ് കേരളം മുന്നേറിയിരുന്നത്. ഈയൊരു നവോത്ഥാനധാര പിറകോട്ടടിക്കുന്നുവെന്നതും കാണാതെ പോകരുത്. വ്യക്തിയിൽ നിന്നു പൊതുസമൂഹത്തിലേക്കു വളർന്ന സാമൂഹ്യബോധം വ്യക്തി-കുടുംബം-തറവാട്-സമുദായം എന്നീ പാദചതുഷ്ടയത്തിലാണ് ഇന്ന് നിലനിൽക്കുന്നത്. പന്തിഭോജനങ്ങൾക്കല്ല, പ്രസാദ ഊട്ടിനാണ് കേരളം ഇന്ന് ക്യൂ നിൽക്കുന്നത്.

**5.** വരേണ്യ വികസന മാതൃകയെ ചോദ്യം ചെയ്യുമെന്ന് പ്രതീക്ഷയുണ്ടായിരുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പോലും ചങ്ങാത്തമുതലാളിത്തത്തിന്റെ പങ്കുപറ്റിപ്പടയായി മാറിയിരിക്കുന്നു. കീഴാറ്റൂരിലും കണ്ടങ്കാളിയിലുമൊക്കെ അടുത്തിടെ നടന്ന ജനകീയ മുന്നേറ്റങ്ങൾ പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. കാസർഗോഡ് ചീമേനിയിലും കാടകം ഗ്രാമത്തിലും മുക്കാൽ നൂറ്റാണ്ടു മുമ്പ് രൂപമെടുത്ത പൊതുവിഭവസംരക്ഷണത്തെ കരുതിയുള്ള സമരങ്ങളുടെ തുടർച്ചയാണ് കീഴാറ്റൂരിലെയും പ്ലാച്ചിമടയിലെയുമെല്ലാം സമരങ്ങൾ. ആ സമരങ്ങൾക്ക് ക്രിയാത്മകമായ ഒരു പ്രതിപക്ഷം എന്ന നിലയിൽ പ്രതിരോധം സൃഷ്ടിക്കാനെങ്കിലും കഴിയാതിരിക്കില്ല. മണ്ണും വെള്ളവും പോലുള്ള അടിസ്ഥാന വിഭവങ്ങളെ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകാത്ത ഏതു വികസന പരിപാടിയും ഇനിയങ്ങോട്ട് ചോദ്യം ചെയ്യപ്പെടും എന്ന പ്രത്യാശയും താക്കീതുമാണ് ഈ സമരങ്ങൾ നൽകുന്നത്.

**(പരിസ്ഥിതി പ്രവർത്തകൻ, എഴുത്തുകാരൻ)**

# വിഭവപരിമിതി എന്നതിനെ അവഗണിക്കാൻ കഴിയില്ല

എസ്.പി. രവി

**1.** വികസനം എന്ന പദത്തോട് വിയോജിപ്പാണ്. ഭരണകൂടങ്ങൾ പറയുന്ന വികസനത്തിന്റെ പര്യായം 'വിനാശം' ആണ്. വികസനത്തിന്റെ അളവുകോൽ ജി.ഡി.പി വർദ്ധനവാണ്. അതിന്റെ അടയാളങ്ങൾ വീതി കൂടിയ റോഡുകൾ മണ്ണിലും വായുവിലുമുള്ള റെയിൽപ്പാതകൾ, വിമാനത്താവളങ്ങൾ, മാനം മുട്ടുന്ന നിർമ്മിതികൾ, വ്യവസായങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, നിരത്ത് നിറഞ്ഞുനീങ്ങുന്ന വാഹനങ്ങൾ, പകലും രാത്രിയും തിരക്കൊഴിയാത്ത നഗരങ്ങൾ തുടങ്ങിയവയൊക്കെയാണ്. ഇതിൽ മനുഷ്യരില്ല, പ്രകൃതിയും. വികസനത്തിന്റെ കണക്കെടുപ്പുകളിലൊന്നും മനുഷ്യരുടെ സംതൃപ്തി, ശാരീരികവും മാനസികവുമായ ആരോഗ്യം തുടങ്ങിയവ കാണാനാകി